**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1656** **05-07-2022 - ൽ മറുപടിയ്ക്ക്**

**എ.ഐ.എം.എസ് (എയിംസ്) പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ എ.ഐ.എം.എസ്. (എയിംസ്) പോർട്ടലിൽ വിളകളുടെ ഇൻഷ്വറൻസ്, റോയൽറ്റി എന്നിവ ചെയ്യുന്നതിന് പുറമേ കൃഷി വകുപ്പിന്റെ സേവനങ്ങളെല്ലാം ലഭ്യമാകുന്ന വിധത്തിൽ പോർട്ടൽ പരിഷ്കരിക്കുന്നതിന് നടപടികളായിട്ടുണ്ടോ; എങ്കിൽ ഏതുവരെയായി; വിശദമാക്കുമോ; | (എ) | ഉണ്ട്. വിള ഇൻഷ്വറൻസ്, റോയൽറ്റി എന്നിവക്ക് പുറമെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യം, പച്ചക്കറി പഴവർഗ്ഗങ്ങളുടെ താങ്ങുവില പദ്ധതി എന്നിവയും നിലവിൽ AIMS പോർട്ടലിൽ ലഭ്യമാണ്. കൃഷി വകുപ്പ് മുഖേന കേന്ദ്ര/സംസ്ഥാന സർക്കാർ നൽകി വരുന്ന 8 സേവനങ്ങൾ, സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ എന്നിവയും എയിംസ് പോർട്ടൽ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നിലവിൽ കേരളത്തിലെ കൃഷി സ്ഥലങ്ങളെല്ലാം പി.എം.കിസാൻ ഡാറ്റാബേസിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; ഇതിൽ കൃഷിയിടത്തിൽ വാസസ്ഥലം ഉണ്ടെങ്കിൽ രേഖപ്പെടുത്താനുള്ള ഓപ്ഷൻ കൊടുത്തിട്ടുണ്ടോ; | (ബി) | ഇല്ല. നിലവിൽ, പി.എം. കിസാൻ ഗുണഭോക്താക്കളായവരുടെ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങളാണ് പി.എം. കിസാൻ ഡാറ്റാബേസിൽ ചേർക്കുന്നതിനു കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.<br><br>കൃഷിയിടത്തിൽ വാസസ്ഥലം ഉണ്ടെങ്കിൽ രേഖപ്പെടുത്താനുള്ള ഓപ്ഷൻ ലഭ്യമല്ല. |
| (സി) | കൃഷിയിടങ്ങളിലെ പഴയകാലത്തെ ആളുകളുടെ പേരിലുള്ള തണ്ടപ്പേർ റവന്യൂ വകുപ്പുമായി ചേർന്ന് നിലവിലെ ഉടമകളുടേതാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ? | (സി) | പി.എം. കിസാൻ ഗുണഭോക്താക്കളായ കർഷകരുടെ കൃഷിയിടങ്ങളിലെ പഴയ കാലത്തെ ആളുകളുടെ പേരിലുള്ള തണ്ടപ്പേർ, നിലവിലെ ഉടമകളുടേതാക്കുന്നതിനു, ബന്ധപ്പെട്ട വില്ലേജ് ഓഫീസറെ സമീപിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ